പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
**ചോദ്യം നമ്പർ : 999** **11.07.2011 ലെ മറുപടിക്ക്**

**കാസർഗോഡ് കാഞ്ഞങ്ങാട് സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ്, കാഞ്ഞങ്ങാട് സർക്കിൾ സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ് എന്നാണ് നടന്നത്; തീയതിയും വർഷവും അറിയിക്കുമോ; | എ) കാസർഗോഡ്, ഹോസ്ദുർഗ് (കാഞ്ഞങ്ങാട്) സർക്കിൾ സഹകരണ യൂണിയനുകളുടെ തെരഞ്ഞെടുപ്പ് 21.11.2010 ലാണ് നടന്നത്. |
| ബി) ജയിച്ച അംഗങ്ങളെ സംബന്ധിച്ചുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) കാസർഗോഡ് സർക്കിൾ സഹകരണ യൂണിയനിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അംഗങ്ങളുടെ പട്ടിക ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാരുടെ 23.03.2011-ലെ പി.റ്റി(1) 45911/2009 നമ്പർ കത്ത് മുഖേന സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ 18.11.2010-ലെ ഡബ്ല്യൂ.പി(സി)34312/2010 മേലുള്ള വിധിയുടെ അടിസ്ഥാനത്തിൽ ഹോസ്ദുർഗ് സർക്കിൾ സഹകരണ യൂണിയൻ തെരഞ്ഞെടുപ്പിന്റെ ഫല പ്രഖ്യാപനം നടത്തുവാൻ കഴിഞ്ഞിട്ടില്ല. |
| സി) ഇതുവരെ ഗസറ്റ് വിജ്ഞാപനം ചെയ്യാതിരിക്കാനുള്ള കാരണം വിശദമാക്കുമോ; | സി) കാസർഗോഡ് സർക്കിൾ സഹകരണ യൂണിയൻ ഭരണ സമിതി അംഗങ്ങളുടെ പട്ടിക ഗസറ്റ് വിജ്ഞാപനത്തിനായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. ബഹു. കേരള ഹൈക്കോടതി ഹോസ്ദുർഗ് സർക്കിൾ സഹകരണ യൂണിയൻ ഭരണ സമിതി തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിന് അനുമതി നൽകിയാൽ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) മേൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനം എന്ന് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) ചോദ്യം 'സി' ക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം 'ഡി' ബാധകമല്ല. |

Rajendran

സെക്ഷൻ ഓഫീസർ